LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്കുവേണ്ടി ഓരോ സാമ്പത്തിക വർഷവും അനുവദിച്ച തുക വർഷം തിരിച്ച് ചുവടെ പറയുന്നു:

2012-13	-	16,28,04,962
2013-14	-	12,16,00,000
2014-15	-	30,00,00,000
2015-16	-	15,00,00,000

(ബി) അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ കോർപ്പറേഷനുകളിലും നഗരസഭകളിലുമായി 1,66,001 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) പരിഗണനയിലാണ്.

നഗരസഭകളിലെ മാലിന്യസംസ്കരണം

126 (1500) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യ നിർമ്മാർജ്ജനസംസ്കരണത്തിനായി കോർപ്പറേഷൻ, മുനിസിപ്പാലിറ്റികൾ എന്നിവ സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഉറവിട മാലിന്യ സംസ്കരണ നടപടികൾ ഏതെല്ലാം നഗരങ്ങളിൽ രൂപീകരിച്ചിട്ടുണ്ട്;

(സി) ഇവയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ഡി) മാലിന്യ സംസ്കരണ പദ്ധതി നടത്തിപ്പിലെ ന്യൂനതകൾ പരിഹരിക്കുന്നതിനും, മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഇ) മാലിന്യ സംസ്കരണ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മാലിന്യനിർമ്മാർജ്ജന സംസ്കരണത്തിനായി സംസ്ഥാനത്തെ എല്ലാ നഗരസഭകളിലും മുൻസിപ്പൽ കോർപ്പറേഷനുകളിലും ഉറവിട മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ പൊതു മാലിന്യ സംസ്കരണ പ്ലാന്റുകൾ ഇല്ലാത്ത നഗരസഭകളിൽ ആയവ സ്ഥാപിക്കുന്നതിനും പൊതു മാലിന്യ സംസ്കരണ പ്ലാന്റുകളുള്ള നഗരസഭകളിൽ ആയത് കുറ്റമറ്റതാക്കി ആധുനികവൽക്കരിക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നു.

(ബി) സംസ്ഥാനത്തെ പത്തനംതിട്ട ഒഴികെയുള്ള എല്ലാ നഗരസഭകളിലും ഉറവിട മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കി വരുന്നു.

(സി) ഉണ്ട്.

(ഡി) മാലിന്യ സംസ്കരണ പദ്ധതി നടത്തിപ്പിലെ ന്യൂനതകൾ പരിഹരിക്കുന്നതിനും മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. അതിലേക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി നൽകുന്ന മാലിന്യ സംസ്കരണ പ്രോജക്ടുകൾ പരിശോധിച്ച് സാങ്കേതികാനുമതിയും അർഹമായ സാമ്പത്തിക സഹായവും വിതരണം ചെയ്തുവരുന്നു.

(ഇ) സ്വീകരിച്ച് വരികയാണ്.

നഗരസഭകളുടെ മാസ്റ്റർ പ്ലാൻ

127 (1501) ശ്രീ. തോമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകൾക്ക് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ?

ഉത്തരം

(എ) നഗരസഭകൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി 2008-09 മുതൽ സ്കീം ഫോർ പ്രിപ്പറേഷൻ ഓഫ് മാസ്റ്റർ പ്ലാൻ ആന്റ് ഡീറ്റെയിൽഡ് ടൗൺ പ്ലാൻസ് എന്ന സ്കീം ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.